**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2504** **14.06.2019-ൽ മറുപടിയ്ക്ക്**

വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് ടൂറിസം പദ്ധതി

ചോദ്യം
ശ്രീ. എസ്. ശർമ്മ

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ തീരപ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ബീച്ച് ടൂറിസം പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (എ) യും | വൈപ്പിൻ മണ്ഡലത്തിലെ തീരപ്രദേശങ്ങളെ കോർത്തിണക്കി വൈപ്പിൻ ദ്വീപിലെ 9 ബീച്ചുകളുടെ വികസനത്തിനായി Development of Beach Corridor at Vypin Island എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുനമ്പം, പുതുവൈപ്പിൻ എന്നീ ബീച്ചുകളിൽ മാത്രമാണ് പദ്ധതി പ്രവർത്തനത്തിനായി സ്ഥലം ലഭ്യമായിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. ഇവയ്ക്കായി 91 ലക്ഷം രൂപ നല്കിയിട്ടുണ്ട്. നിലവിൽ മുനമ്പം ബീച്ചിൽ പാർക്കിംഗ് ഏരിയയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.നടപ്പാതയുടെ നിർമ്മാണം ആരംഭിച്ചുവെങ്കിലും നിലവിൽ പ്രദേശവാസികളുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഫണ്ട് ലഭ്യമായ പുതുവൈപ്പിൻ ബീച്ചിന്, പോർട്ട് ട്രസ്റ്റിന്റെ ക്ലീയറൻസ് ലഭിക്കാത്തിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മാലിപ്പുറം ചാപ്പ ബീച്ചിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഞാറയ്ക്കൽ, നായരമ്പലം ബീച്ചുകളിൽ പ്രവൃത്തി ചെയ്യാനുള്ള സ്ഥലത്തിന് അനുമതി ലഭിക്കേണ്ടതുണ്ട്. Technical Sanction ലഭ്യമായ മറ്റു ബീച്ചുകൾക്ക് ബിൽഡിംഗ് പെർമിറ്റ്, സി. ആർ, ഇസഡ് ക്ലിയറൻസ്, എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ദർഘാസ് നടപടികൾ സ്വീകരിക്കുവാൻ കഴിയൂ എന്ന് പദ്ധതി നിർവ്വഹണ ചുമതലയുള്ള ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| ബി) | പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | ബി) യും | |

സെക്ഷൻ ഓഫീസർ